# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.762 13.6.2012-ലെ മറുപടിയ്ക്ക്

**കുടിവെള്ള മാഫിയയുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പി.ജെ ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുടിവെള്ള മാഫിയയുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br><br>(ബി) ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന വെള്ളം ഉപയോഗിക്കുന്നതു വഴി വ്യാപകമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) & (ബി) സ്വകാര്യ ടാങ്കർ ലോറികളിൽ കുടിയുള്ളതുൾ പ്പെടെയുള്ള കുടിവെള്ളം പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിനും സ്വകാര്യ ടാങ്കർ ലോറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ചും മാർഗ്ഗരേഖ കേരള വാട്ടർ സപ്ലൈ & സീവറേജ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) ഇതിനായി ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും യോഗങ്ങൾ വിളിച്ച് കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | കേരള വാട്ടർ അതോറിറ്റി ശരിയായ രീതിയിൽ ശുദ്ധീകരണം നടത്താത്ത ജലം വിതരണം ചെയ്യുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ഡി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണത്തിനു ശേഷമാണ് ജനങ്ങളിലെത്തിക്കുന്നത് ഇതിനായി എല്ലാ വൻകിട കുടിവെള്ള പദ്ധതികളിലും ജല ശുദ്ധീകരണ ശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജല ശുദ്ധീകരണ ശാലകളില്ലാത്ത ചെറു പദ്ധതികളിൽ ഇൻഫിൽ ട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിക്കുന്ന വെള്ളം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ കേരള ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തി ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ